ഫസൽ കാതിക്കോട്

# പാഠ്യപദ്ധതി പരിഷ്കരണം: നിലമറിഞ്ഞ് വിത്തെറിയാൻ തയാറാവുമോ?

**വാർത്തകളുടെയും** അറിവുകളുടെയും ലോകം അതിവിശാലമാണ്. ഇതിൽനിന്ന് ഉദ്ദേശ്യാധിഷ്ഠിതമായി തെരഞ്ഞെടുത്തു നൽകുന്നതു വഴി ജനങ്ങളുടെ ബോധമണ്ഡലത്തെ വരുതിയിൽ നിർത്താൻ സാധിക്കും. സമ്മതിയുടെ നിർമാണം (Manufacturing consent) അധീശ ശക്തികൾ നടത്തുന്നതിങ്ങനെയാണ്. ജനസമൂഹങ്ങളെ മുഴുവൻ ഭീകരവാദികളാക്കുന്നതും മതങ്ങളെ ഭീകരതയാക്കുന്നതും ഇങ്ങനെയാണ്. പ്രോപഗണ്ടായുദ്ധങ്ങൾ വഴി അധീശശക്തികൾക്ക് ലോകമേധാവിത്വം നിലനിർത്താൻ സാധിക്കും. ഇന്റർനെറ്റ് ഒരുജ്ഞാനനിർമിതിയാണെന്നും എത്രതന്നെ വ്യത്യസ്ത അറിവുകൾ അതിൽ വന്നുചേർന്നാലും അതിൽ മേധാവിത്വം പുലർത്തുന്നവരുടെ വീക്ഷണങ്ങൾക്ക് പൊതുസ്വീകാര്യത ലഭിക്കുമെന്നും സ്ഥാപിക്കുന്ന പഠനങ്ങൾ ലഭ്യമാണ്. അറിവല്ല അതിന്റെ തെരഞ്ഞെടുപ്പാണ് ഉത്തരാധുനികതയിൽ അവബോധങ്ങൾ നിർമിക്കുന്നത്. ജ്ഞാനനിർമിതിയിൽ എല്ലാ അറിവും ശരിയും നിഷ്പക്ഷവുമായതിനാൽ മറ്റേത് വിദ്യാഭ്യാസ രീതിയേക്കാളും കുട്ടികളിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നതായിരിക്കും. ജ്ഞാനനിർമിതിവാദത്തിൽ അന്തർലീനമായ മറ്റൊരു പ്രശ്നമാണിത്.

പുതിയ പാഠപുസ്തകങ്ങളിൽ ഇത്തരം ബോധപൂർവകമായ ശ്രമങ്ങൾ നടത്തിയിരിക്കുന്നുവെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും നൽകേണ്ട അടിസ്ഥാന സൗകര്യങ്ങൾ, അവ നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവ ആറാം തരത്തിലെ 3 അധ്യായങ്ങളിൽ ചർച്ച ചെയ്യുന്നു. അഞ്ചാം തരം ഇംഗ്ലീഷിൽ അമേരിക്കയുടെ മറ്റൊരു പേരായ 'അങ്കിൾ സാം' ഒന്നിലേറെ പാഠങ്ങളിൽ കുട്ടികളുടെ സഹായിയായി പ്രത്യക്ഷപ്പെടുന്നു. ജ്ഞാനനിർമിതി പാഠപുസ്തകങ്ങളിൽ അധിനിവേശത്തിന്റെ പുതിയ സാഹചര്യം പരിഗണിക്കേണ്ടതുണ്ട്. അതിനെതിരായ ഉള്ളടക്കം ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ആഗോളവത്കരണത്തെക്കുറിച്ചും അതിനെതിരായ ചെറുത്തുനിൽപുകളെക്കുറിച്ചും (ഉദാ: പ്ലാച്ചിമട) പരാമർശങ്ങളുണ്ടാകേണ്ടതാണ്.

എല്ലാ പഠനസന്ദർഭങ്ങളിലും പുതിയ പഠനരീതി തന്നെ പ്രയോഗിക്കേണ്ടതുണ്ടോ? ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണിത്. ഇംഗ്ലീഷ്, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിലെ ഭൂരിഭാഗം വിദ്യാർഥികളും ശരാശരിയിൽ താഴെയാണെന്ന് എട്ടു വർഷത്തെ പാഠ്യപദ്ധതി പരീക്ഷണത്തിനുശേഷം 2005-ൽ എൻ.സി.ഇ.ആർ.ടി നടത്തിയ പഠനത്തിൽ പറയുന്നു. സാധാരണ സ്കൂൾ ലാബ് സാഹചര്യങ്ങളിൽ പരീക്ഷിക്കാൻ സാധ്യമല്ലാത്ത ഒട്ടേറെ പഠനസന്ദർഭങ്ങൾ ശാസ്ത്രത്തിലുണ്ട്. പുതിയ രീതിയനുസരിച്ച് വിശദീകരിക്കാൻ പ്രയാസമായ ശാസ്ത്രതത്ത്വങ്ങളുമുണ്ട്. സാമൂഹികശാസ്ത്രം, ഭാഷകൾ തുടങ്ങിയവയുടെ കാര്യത്തിലും എല്ലാ സന്ദർഭങ്ങളിലും പുതിയ പഠനരീതി ഫലപ്രദമല്ല. അതിനാൽ നിലവിലുള്ള സൗകര്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് ഇക്കാര്യത്തിൽ അയവുള്ള സമീപനം സ്വീകരിക്കേണ്ടതാണ്. സ്കൂളുകളിൽ പ്രായോഗികമായി നടന്നുകൊണ്ടിരിക്കുന്നത് ഇതുതന്നെയാണെന്നതാണ് വസ്തുത. പ്രോജക്ട്, സെമിനാർ തുടങ്ങിയവ പഠനരീതിയായി ഉപയോഗിക്കുന്നതിനു പകരം പഴയ രീതിയിൽ എല്ലാം വിശദീകരിച്ചുകൊടുത്തതിനുശേഷം ഇതുസംബന്ധിച്ച് പ്രോജക്ടും സെമിനാറും നടക്കുകയാണ് ചെയ്യുന്നത്.

### പ്രാദേശിക ജ്ഞാനത്തിനു നൽകുന്ന പ്രാധാന്യം

ഐക്യരാഷ്ട്രസഭയുടെ സഹസ്രാബ്ദ വികസനലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയും ലോകബാങ്കും വിവിധ ഏജൻസികളും നടപ്പിലാക്കിവരുന്ന വികസനപരിപാടികൾക്ക് സഹായകമായിത്തീരുന്നതിനു വേണ്ടിയുമാണ് പ്രാദേശിക ജ്ഞാനം (Indigenous knowledge) ഉപയോഗപ്പെടുത്തേണ്ടതെന്ന് ലോകബാങ്ക് വെബ് സൈറ്റ് പറയുന്നു. കേരളത്തിൽ ഇതിനായി കേരളാ ഫോറസ്ട്രി പ്രോജക്ട് നടപ്പിലാക്കിവരുന്നതായും നമ്മുടെ ആയുർവേദം, നാട്ടറിവുകൾ തുടങ്ങിയവ സർവേ നടത്തി ശേഖരിക്കുന്നതായും വിശദീകരിക്കുന്നു. യു.എന്നിന്റെ സഹസ്രാബ്ധ വികസന ലക്ഷ്യങ്ങൾ നേടിക്കഴിഞ്ഞ പ്രദേശമാണ് കേരളമെന്നിരിക്കെ ഇത് തികച്ചും ദുരൂഹമാണ്. ഇന്ത്യയെപ്പോലൊരു രാജ്യത്തെ സംബന്ധിച്ചേടത്തോളം പ്രാദേശിക ജ്ഞാനത്തിന് പാഠ്യപദ്ധതിയിൽ നൽകുന്ന അമിത പ്രാധാന്യം അപകടകരമാണെന്ന് ടീസ്റ്റ സെറ്റൽവാദ് നിരീക്ഷിക്കുന്നു (ഉദ്ധരണം: ദീപ എ *ഇന്ത്യാ ടുഗദർ* മാഗസിൻ, 2007 ജൂലൈ 3). വിചിത്ര ചികിത്സകളും സാമാന്യയുക്തിക്കു നിരക്കാത്ത ആചാരാനുഷ്ഠാനങ്ങളുമൊക്കെ മഹത്ത്വവത്കരിക്കുന്നത് ജനതയെ അധഃസ്ഥിതാവസ്ഥയിൽ തളച്ചിടാൻ മാത്രമേ പര്യാപ്തമാവൂ. ഇത്തരം അറിവുകൾ കമ്പോളവത്കരിക്കപ്പെടാനും ഉള്ളിൽ വികൃത വിശ്വാസങ്ങളുടെ വിഗ്രഹങ്ങൾ പേറുന്ന ആധുനികനെ സൃഷ്ടിക്കാനും ഇത് വഴിവെക്കും. പാഠ്യപദ്ധതി പ്രാദേശികമായി ആസൂത്രണം ചെയ്ത് രൂപീകരിക്കണമെന്നും സേവന മേഖലകൾ പ്രാദേശിക സർക്കാറുകൾക്ക് വിട്ടുകൊടുക്കണമെന്നും ലോകബാങ്ക് ആവശ്യപ്പെടുന്നത് ഇതോട് ചേർത്തുവായിക്കേണ്ടതാണ്.

## സമാധാനത്തിനായുള്ള വിദ്യാഭ്യാസം

എൻ.സി.എഫിൽ പ്രാധാന്യപൂർവം പരാമർശിക്കുന്ന സമാധാത്തിനായുള്ള വിദ്യാഭ്യാസം (Peace Education. page 61-64- NCF) KCF-ൽ വിട്ടുക്കളഞ്ഞിരിക്കുന്നു. മേധാവിത്വശക്തികളുടെ ലോകജനതയോടുള്ള ക്രൂരതകൾ, പ്രതികരണമായുണ്ടാവുന്ന തീവ്രവാദ പ്രവണതകൾ, എങ്ങും നിലനിൽക്കുന്ന ചൂഷണങ്ങൾ എന്നിവയോടൊപ്പം സത്യസന്ധത, കാരുണ്യം, സഹവർത്തനം തുടങ്ങിയ മൂല്യങ്ങൾ കൂടി ഇതിലെ ഉള്ളടക്കമാണ്. ഈ വിഷയങ്ങൾ എങ്ങനെ അവതരിപ്പിക്കാമെന്ന് എൻ.സി.എഫ് വിശദമാക്കുന്നു. പുതിയ ലോകസാഹചര്യത്തിൽ ഇവ പ്രാധാന്യമർഹിക്കുന്നവയാണ്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് മൂല്യങ്ങൾ പകർന്നു നൽകാനുള്ള സന്ദർഭങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## ലിംഗസമത്വമോ ലിംഗനീതിയോ?

ലിംഗസമത്വം നേടുന്നതിനായി കെ.സി.എഫിൽ ഇങ്ങനെയൊരു നിർദേശം കാണാം: 'എല്ലാ ജോലികളും ആൺ-പെൺ വ്യത്യാസമില്ലാതെ ചെയ്യേണ്ടതാണ് എന്ന ആശയം അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ചിത്രങ്ങളുടെ സഹായത്തോടെയുണ്ടാവണം. എല്ലാ തലങ്ങളിലും സഹവിദ്യാഭ്യാസം നിർബന്ധമാക്കണം. ലിംഗസമത്വം ഉറപ്പുവരുത്തണം. ഇതിനു യോജിക്കുന്ന തരത്തിൽ ഇരിപ്പിടം, കൂട്ടായ പ്രവർത്തനങ്ങൾ, ചുമതലകൾ തുടങ്ങിയവ ഉണ്ടാവണം (KCF page 99). പ്രൈമറിയിൽ മാത്രമല്ല സെക്കന്ററിയിലും ഈ സമീപനം പിന്തുണടരണമെന്ന് പരിഷത്ത് ലഘുലേഖ പറയുന്നു. 'എല്ലാ സെക്കന്ററി സ്കൂളുകളും പൊതു സ്കൂളുകളാക്കുന്നതിന് നടപടി വേണ്ടതാണ്. ലിംഗഭേദം നോക്കാതെ വ്യത്യസ്ത മേഖലകളിൽ ദൗത്യങ്ങൾ നൽകാനും നേതൃപരമായ പങ്കുവഹിപ്പിക്കാനും കഴിയണം. ലിംഗ പദവിപരമായ പ്രശ്നങ്ങൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പരിഹരിക്കുന്ന കീഴ്‌വഴക്കം വളർന്നുവരണം' (കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കാരം-പരിഷത്തിന്റെ സമീപനങ്ങൾ, പേജ് 42).

ജൈവികമായും മാനസികമായും വൈകാരികമായും ഭിന്ന പ്രകൃതികളുള്ള സ്ത്രീയെയും പുരുഷനെയും ഒരുപോലെ കണക്കാക്കണമെന്ന പാശ്ചാത്യ ലിംഗ സമത്വ സങ്കൽപങ്ങളാണിതിൽ മുഴച്ചു നിൽക്കുന്നത്. പ്രകൃതി ദത്തമായി സ്ത്രീക്കും പുരുഷനും വ്യത്യസ്ത ധർമങ്ങൾ നിർവഹിക്കാനുണ്ടെന്നിരിക്കെ അവർക്കിടയിൽ അസാധ്യമായ സമത്വമല്ല, പകരം ലിംഗനീതിയാണ് വേണ്ടത്. സ്ത്രീ പുരുഷന്മാർക്കിടയിലെ വ്യത്യാസങ്ങൾ ഇരുകൂട്ടർക്കും ശക്തിയും ദൗർബല്യവും നൽകുന്നുണ്ട്. വ്യത്യാസം ഇല്ലാതാക്കാൻ ശ്രമിക്കുന്നത് പ്രകൃതി വിരുദ്ധമാണ്. പരസ്പരം ആദരിക്കുകയും ദൗർബല്യങ്ങൾ അറിഞ്ഞ് മറികടക്കാൻ സഹായിക്കുകയുമാണ് വേണ്ടത് (ഉദാ: പെൺകുട്ടികൾക്ക് മുൻഗണന നൽകൽ, പ്രത്യേക സീറ്റ് അനുവദിക്കൽ തുടങ്ങിയവ). സ്ത്രീയോ പുരുഷനോ ആഗ്രഹിക്കുന്ന അളവിൽ വിദ്യാഭ്യാസം നേടുന്നതിനും പ്രാപ്തിയുള്ള സ്ത്രീക്ക് ആഗ്രഹിക്കുന്ന ഏത് ജോലി തെരഞ്ഞെടുക്കുന്നതിനും അവസരം ലഭിക്കേണ്ടതുണ്ട്.

ഉയർന്ന ക്ലാസ്സുകളിലെ കുട്ടികൾക്ക് ലൈംഗിപാഠങ്ങൾ നൽകേണ്ടതുണ്ട്. കൗമാരകാലത്തെ ശാരീരിക മാറ്റങ്ങൾ, ശുചിത്വബോധം, ലൈംഗികതയുടെ ജൈവശാസ്ത്രം തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനു വേണ്ടി സ്കൂളുകളിൽ വിദഗ്ധരാൽ നയിക്കപ്പെടുന്ന പ്രത്യേക ക്ലാസ്സുകളും ആകാവുന്നതാണ്. ഇത്തരം ക്ലാസ്സുകളിൽ മാതാക്കളെ കൂടി ഉൾപ്പെടുത്തുന്നതും ഉചിതമാണ്. ലൈംഗികവിദ്യാഭ്യാസം കുടുംബഘടനയെയും ബന്ധങ്ങളെയും സദാചാര ജീവിതത്തെയും ശക്തിപ്പെടുത്തുന്നതായിരിക്കണം. നഗ്നത, അശ്ലീലത, അഗമ്യഗമനം തുടങ്ങിയവയെ നിരുത്സാഹപ്പെടുത്തുന്നതായിരിക്കണം. ഫ്രീസെക്സ്, ഡേറ്റിംഗ്, എയിഡ്സ് എന്നിവക്കെതിരായ ബോധവത്കരണം കൂടി ഉൾക്കൊള്ളിക്കേണ്ടതുണ്ടതുണ്ട്.

അമേരിക്കയിൽ നടന്ന ഒരു പഠനമനുസരിച്ച് അവിടെ കൗമാര പ്രായക്കാരായ 10 ലക്ഷം പെൺകുട്ടികൾ ഒരു വർഷം ഗർഭിണികളാവുന്നു. ഇത്തരം കുട്ടികളിൽ 50 ശതമാനം മാത്രമാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നത് (The Companion Magazine). നമ്മുടേതുപോലുള്ള സാമൂഹിക സാഹചര്യങ്ങളിൽ ഇത്തരം അനുഭവങ്ങൾ നേരിടേണ്ടിവരുന്ന നൂറ് ശതമാനം പെൺകുട്ടികൾക്കും പിന്നീട് വിദ്യാഭ്യാസം അതീവ പ്രയാസകരമായിരിക്കും. ദരിദ്ര ചുറ്റുപാടുകളിൽനിന്ന് വരുന്ന കുട്ടികളുടെ കാര്യത്തിൽ സ്ഥിതി കൂടുതൽ വഷളാവും. വിദ്യാഭ്യാസരംഗത്തെ സ്ത്രീശാക്തീകരണ ശ്രമങ്ങൾ മുഴുവൻ തകർത്തുകളയാൻ ലിംഗസമത്വത്തിന്റെയും ലൈംഗികവിദ്യാഭ്യാസത്തിന്റെയും പേരിൽ നടത്തുന്ന അതിരുകവിച്ചിലുകൾക്ക് സാധിക്കുമെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കാനാവുന്നത്.

## നിരന്തര മൂല്യനിർണയം

നിരന്തരമൂല്യ നിർണയം (Continuous Evaluation-CE) ജ്ഞാന നിർമിതി സമീപനത്തിന്റെ ഒരനിവാര്യതയാണെന്നാണ് പറയപ്പെടുന്നത്. ശരിയായ ജ്ഞാനം ലഭിച്ച കുട്ടിയിൽ അതിനനുയോജ്യമായ മനോഭാവങ്ങളും ശേഷികളും വളർന്നുവരുന്നുണ്ടോയെന്ന പരിശോധനയാണ് നിരന്തര മൂല്യനിർണയത്തിൽ നടക്കുന്നത്. ഇപ്പോൾ 60:40 എന്ന അനുപാതത്തിലാണ് ടേം പരീക്ഷകൾക്കും CE-ക്കും സ്കോറുകൾ നൽകുന്നത്. CE സ്കോർ ഇനിയും വർധിപ്പിക്കണമെന്നാണ് നിർദേശം. നിരന്തര മൂല്യനിർണയത്തിന് വമ്പിച്ച പ്രാധാന്യം കൈവരുമെന്നാണിതിനർഥം. നിലവിലെ സാഹചര്യത്തിൽ നിരന്തര മൂല്യനിർണയം വട്ടപ്പൂജ്യമാണെന്നാണ് KCF തന്നെ പറയുന്നത്. 'നിരന്തര മൂല്യനിർണയത്തിന്റെ സ്കോറുകൾ അധ്യാപകർ നൽകുന്ന സൗജന്യമായി തരംതാണിരിക്കുന്നു. പൊതുപരീക്ഷകളിലെ ദൗർബല്യങ്ങൾ പരിഹരിക്കാൻ നിരന്തര മൂല്യനിർണയ സ്കോറുകൾ ഉദാരമായി നൽകാൻ ചിലരെങ്കിലും തീരുമാനിച്ചു (പേജ് 94 KCF). കഴിഞ്ഞ എസ്.എസ്.എൽ.സി വിജയശതമാനം ഇത്രയധികം ഉയർത്തിയത് നിരന്തര മൂല്യനിർണയസ്കോറുകൾ വാരിക്കോരി നൽകിയതുകൊണ്ടാണെന്ന ആരോപണം നിഷേധിക്കാനാവില്ല. നിരന്തരമൂല്യനിർണയ സ്കോറുകൾ രൂപീകരിക്കുന്നത് നീണ്ടതും ശ്രമകരവുമായ പ്രക്രിയകളിലൂടെയാണ്. അധ്യാപകസമൂഹത്തിന് പരിചയമില്ലാത്തതും ക്ലേശകരവുമാണിതെന്ന് വിലയിരുത്തപ്പെടുന്നു. പ്രത്യേക സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുക പോലുള്ള കാര്യക്ഷമമായ മാർഗം കണ്ടെത്തുന്നതുവരെ ഇത് പരാജയമായി തുടരും. ഇപ്പോൾ അധ്യാപകരുടെ ഇഷ്ടാനിഷ്ടങ്ങളാണ് ഇതിന്റെ മാനദണ്ഡം.

## വിദ്യാർഥികളെ തരംതിരിക്കൽ

'എട്ടാം ക്ലാസ്സിന്റെ അവസാനം കുട്ടികളുടെ അഭിരുചികളും കഴിവുകളും നിർണയിക്കണം. ഇത് നിരന്തര മൂല്യനിർണയത്തിന്റെയും മറ്റു വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാകാം. തുടർന്ന് ഒമ്പതാം ക്ലാസ് മുതൽ കോർ വിഷയങ്ങൾ രണ്ടുരീതിയിൽ കുട്ടികൾക്ക് പഠിക്കാൻ അവസരം കൊടുക്കാവുന്നതാണ്. വിവിധ വിഷയങ്ങളുടെ അടിത്തറ ഉറപ്പിക്കുന്ന സാമാന്യപഠനം എന്ന നിലയിൽ ഒ-ലെവൽ പഠനവും അധിക താൽപര്യമുള്ള വിഷയങ്ങളിൽ ആഴത്തിലുള്ള പഠനം എന്ന നിലയിൽ എ-ലെവൽ പഠനവും നിർവഹിക്കാൻ അവസരം നൽകണം' (KCF page 38).

നിരന്തര മൂല്യനിർണത്തിന്റെ അടിസ്ഥാനത്തിലാണ് കുട്ടികളെ ഈ രീതി

യിൽ തരംതിരിക്കുന്നത്. നിരന്തര മൂല്യ നിർണയത്തിന്റെ അവസ്ഥ നാം കണ്ടുക ഴിഞ്ഞു. സി.ഇയിൽ കൂടുതൽ മികച്ച സം വിധാനം ഉണ്ടാക്കാതെ കുട്ടികളെ തരം തിരിക്കുന്നത് അനീതിയായിരിക്കും. സി. ഇയുടെ ഉപാധികളായ പ്രോജക്ട് റിപ്പോ ർട്ടുകൾ, സെമിനാർ, പ്രബന്ധങ്ങൾ, ശേ ഖരണങ്ങൾ തുടങ്ങിയവ തയാറാക്കി നൽകുന്ന ട്യൂഷൻ സെന്ററുകളും പ്രസി ദ്ധീകരണാലയങ്ങളും നിലവിൽ വന്നുക ഴിഞ്ഞിട്ടുണ്ട്. കുടുംബങ്ങളിൽ നിലനിൽ ക്കുന്ന നിഷേധാത്മക സാഹചര്യങ്ങൾ സ്കോറുകൾ നേടുന്നതിന് തടസ്സമാണ്. പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികളാണ് ഇത്തരം സാഹചര്യങ്ങൾ കൂടുതലായി അഭിമുഖീകരിക്കുന്നത്. അവരെ പിന്നാക്കമായിത്തന്നെ നില നിർത്തുന്നതിന് ഇത് ഇടയാക്കും.

'ഹയർ സെക്കന്ററിതലം ചില കുട്ടി കളെ സംബന്ധിച്ചേടത്തോളം ഔപചാ രിക വിദ്യാഭ്യാസത്തിന്റെ അവസാന ഘ ട്ടമാണ്.... മറ്റു ചിലരെ സംബന്ധിച്ചേ ത്തോളം ഉന്നത വിദ്യാഭ്യാസ മേഖലയിലേ ക്കുള്ള പ്രവേശന കവാടമാണ്' (KCF-page 68). ഒമ്പതാം തരം മുതൽ ഒ ലെ വൽ, എ ലെവൽ എന്ന രീതിയിൽ കോർ വിഷയങ്ങൾ പഠിച്ചുവരുന്ന കുട്ടികൾ ഇ ത്തരത്തിൽ തരംതിരിക്കപ്പെടുകതന്നെ ചെയ്യും. ഒ ലെവൽ വിഭാഗത്തിൽ പിന്നാ ക്ക-ന്യൂനപക്ഷ-ആദിവാസി-ദലിത് വിഭാ ഗങ്ങൾ ഉൾപ്പെടാനുള്ള സാധ്യത കൂടുത ലാണ്. 'ഇന്നത്തെ തൊഴിൽ കമ്പോള ത്തിനാവശ്യം പരിമിതമായ കഴിവുകളു ള്ള ധാരാളം പേരെയും ഉന്നത യോഗ്യത കളുള്ള ഒരു ചെറുന്യൂനപക്ഷത്തെയുമാ ണ്' എന്നാണ് ആഗോളീകരണശക്തി കൾ പറയുന്നത്. പ്രയോഗത്തിൽ ഈ വി ഭജനം ലോകബാങ്ക് സങ്കൽപങ്ങളുമായി ഒത്തുപോകുന്നവയാണ്. ഇവിടെ 8-ാം ക്ലാസ്സിനു ശേഷം ആഗ്രഹിച്ചാലും ഉന്നത പഠനം പിന്നാക്ക-പാർശ്വവത്കൃത വിഭാ ഗങ്ങൾക്ക് അസാധ്യമായിത്തീരുന്നു.

## ഘടനാപരിഷ്കാരങ്ങളും നിയമ നവീകരണവും

കേന്ദ്ര സർക്കാറിന്റെ നീതിന്യായ വകുപ്പിലെ മുൻ സെക്രട്ടറി സുഭാഷ് സി. ജയിൻ യാഥാർഥ്യമായിക്കൊണ്ടിരിക്കു ന്ന ആഗോളഭരണത്തെക്കുറിച്ചെഴുതു ന്നു: 'ആഗോള ഭരണം ഇനിയും ഒരു മി ത്ത് അല്ല, കടന്നുവന്നുകൊണ്ടിരിക്കുന്ന യാഥാർഥ്യം തന്നെയാണ്. ഇനിയും പൂർ ണ വികാസം പ്രാപിച്ചിട്ടില്ലെങ്കിലും അതി ന്റെ ആധിപത്യം വ്യാപകമായിക്കൊണ്ടി രിക്കുകയാണ്. യു.എന്നിന്റെ നായകത്വ ത്തിൽ ഔദ്യോഗികവും അല്ലാത്തതുമാ യ അനേകം ഏജൻസികൾ ലോകമെ ങ്ങും സ്വാധീനം ചെലുത്തിക്കൊണ്ടിരി ക്കുന്നു. ഇക്കൂട്ടത്തിൽ ലോകബാങ്ക് സർ ക്കാറുകളുടെ അമ്മ (Mother of all Governments)യാണ്. വികസനം, വിദ്യാ ഭ്യാസം, ആരോഗ്യം തുടങ്ങി ഒട്ടനവധി മേഖലകളിൽ ഇത് പ്രകടമാണ് (The Tribune 13 Dec 2004).

ഐക്യരാഷ്ട്രസഭയിൽ ആധിപ ത്യമുള്ളത് അമേരിക്കക്കാണ്. ആഗോള സാമ്പത്തിക കുത്തകകളുടെ താൽപര്യ ങ്ങളാണ് അമേരിക്കയെ നയിക്കുന്നത്. ഇന്ത്യയിൽ ഒട്ടനവധി രംഗങ്ങളിലെന്ന പോലെ വിദ്യാഭ്യാസത്തിന്റെ ഘടനാ പ രിഷ്കാരങ്ങളിലും ലോകബാങ്ക് നായക സ്ഥാനം വഹിക്കുന്നു. ഇതിനർഥം സർ ക്കാറുകൾക്ക് യാതൊരു സ്ഥാനവുമില്ലെ ന്നല്ല. ലോകബാങ്കുമായി ഏറ്റുമുട്ടാത്ത പരിഷ്കാരങ്ങൾക്കും അവക്കൊപ്പം ഇട മുണ്ട്. നമ്മുടെ വിദ്യാഭ്യാസ പരിഷ്കാര ങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. എന്നാൽ ലോകബാങ്ക് പരിഷ്കാരങ്ങൾ നടപ്പിലാക്കി റിപ്പോർട്ട് നൽകാൻ സർ ക്കാറുകൾ ബാധ്യസ്ഥമാണ്. രാജ്യത്തി ന്റെ സ്വയംനിർണയാവകാശം, പരമാധി കാരം, ജനാധിപത്യം എന്നിവയെക്കുറിച്ച നിർണായക ചോദ്യങ്ങളാണ് ഈ വിധേ യത്വം ഉയർത്തുന്നത്.

ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളി ലും മറ്റു മേഖലകളിലും പദ്ധതികൾ സ്വ യമുണ്ടാക്കി കാലഘട്ടത്തിനും നമ്മുടെ നാടിനും യോജിച്ച പരിഷ്കാരങ്ങൾ നട പ്പിലാക്കിക്കൂടേ?

ഒന്നര ലക്ഷം കോടി വരെ ആസ് തിയുള്ള കമ്പനികൾ വിഹരിക്കുന്ന ന മ്മുടെ നാട്ടിൽ വിദ്യാഭ്യാസത്തിനുവേണ്ടി ലോകബാങ്ക് കടമായി നൽകുന്ന തുച്ഛ മായ തുക (പത്താം പദ്ധതിക്കാലത്ത് എസ്.എസ്.എക്കുവേണ്ടി 4700 കോടി മാ ത്രം) നിരസിച്ചുകൂടേ? കേന്ദ്രഗവൺ മെന്റ് വിധേയത്വത്തിന്റെ സംസ്കാരം ശീലിച്ചുകഴിഞ്ഞു. എന്നാൽ കേരളത്തി ന്റെ കാര്യമോ? പട്ടിണി കിടന്നും കുട്ടി കൾക്ക് വിദ്യാഭ്യാസം നൽകുമെന്ന് ഒരി ക്കൽ അഭിമാനിച്ചിരുന്ന നാടാണിതെ ന്നോർക്കുക.

## വിദ്യാഭ്യാസ വികേന്ദ്രീകൃത ആസൂത്രണം

ഘടനാപരിഷ്കാരങ്ങളിൽ സുപ്ര ധാനം വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന വികേന്ദ്രീകൃതാസൂത്ര ണമാണ്. കേന്ദ്രീകൃതമായ സർക്കാറു കൾ കൈകാര്യം ചെയ്യുമ്പോൾ കാര്യക്ഷ മത കുറയുന്നു, വിശ്വാസ്യത നഷ്ടപ്പെടു കയും അഴിമതി വർധിക്കുകയും ചെയ്യുന്നു എന്നൊക്കെയാണ് ലോകബാ ങ്കിന്റെ കണ്ടെത്തലുകൾ. ഇതിൽ വാസ്തവമുണ്ടെന്നതിൽ സംശയമില്ല. പഞ്ചായത്തുകൾക്കും മറ്റിതര ഏജൻസി കൾക്കും വിദ്യാലയഭരണം വിട്ടുകൊടു ക്കുകയെന്നതാണ് ഇതിന് പരിഹാരമായി സമർപ്പിക്കപ്പെടുന്നത്.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഉയർന്നുവന്നൊരാശയമാണ് ഗ്രാമസ്വരാ ജ്. സ്വാതന്ത്ര്യം ലഭിച്ച് നീണ്ട 50 വർഷ ങ്ങൾക്കുശേഷം കമ്പോള ശക്തികൾക്ക് മുമ്പിൽ വാതിലുകൾ തുറന്നിട്ട നരസിം ഹറാവു സർക്കാർതന്നെയാണ് 1992-ൽ പഞ്ചായത്ത് രാജ് നിയമങ്ങൾ ധൃതിപി ടിച്ച് പാസ്സാക്കിയത്. ഇതിനു കാരണം ആഗോള യജമാനന്മാരുടെ ആജ്ഞകൾ തന്നെയാണെന്ന് വിശ്വസിക്കുകയാണെ ളുപ്പം.

1992-ലെ 73,74 ഭരണഘടനാവകു പ്പുകളുടെ ഭേദഗതിയിലൂടെ പഞ്ചായത്തു കൾക്ക് ലഭ്യമായ അധികാരങ്ങളോ, അതല്ല ലോകബാങ്ക് നിർദേശിക്കുന്ന വികേന്ദ്രീകൃതാസൂത്രണമോ, ഏതാണ് നടപ്പിലാക്കാൻ പോവുന്നതെന്ന് സംശ യിച്ചേക്കാം. തത്വത്തിൽ വ്യത്യസ്തമാ ണെങ്കിലും പ്രയോഗത്തിൽ രണ്ടും ഒരേ ഫലമാണ് നൽകുന്നത്. സംസ്ഥാന സർക്കാർ നൽകുന്ന സാമ്പത്തിക സഹായം പഞ്ചായത്തുകൾ വഴി ചെലവാ ക്കപ്പെടുന്നത് എതിർക്കപ്പെടേണ്ടതില്ല. എന്നാൽ വിദ്യാഭ്യാസം പഞ്ചായത്തുകളു ടെ പൂർണ ഉത്തരവാദിത്വത്തിലാക്കുകയും ഫണ്ട് അതിനനുസരിച്ച് വർധിപ്പിക്കാതിരി ക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത്തരമൊരവസ്ഥ ഭാവി യിൽ വിദ്യാഭ്യാസ ചെലവുകൾ രക്ഷിതാ ക്കളുടെ തലയിൽ തന്നെയാക്കി മാറ്റും. ചുമതലകളും മേൽനോട്ടവും കൈമാറുക യല്ല, വിദ്യാഭ്യാസത്തിന്റെ സാമ്പത്തി കവും അക്കാദമികവും ഭരണനിർവഹണ പരവുമായ സർവ ഉത്തരവാദിത്വങ്ങളും പഞ്ചായത്തുകളുടെ തലയിൽ കെട്ടിവെച്ച് സർക്കാർ കൈയൊഴിയുന്നതിലേക്കാണ് കാര്യങ്ങളുടെ പോക്ക്.

അധ്യാപകർക്ക് ശമ്പളം നൽകുന്ന തുപോലുള്ള വളരെയധികം ഭാരമേറിയ ഉത്തരവാദിത്വങ്ങൾ ഇപ്പോൾ പഞ്ചായത്തു കൾക്ക് കൈമാറിയിട്ടില്ല. സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് കാൽവെപ്പുകൾ നട ത്തുകയും സമ്മർദങ്ങൾ കൂടുതലായാൽ പിന്നോട്ടുവലിയുകയും വീണ്ടും ശക്തി യായി പരിഷ്കാരങ്ങൾ തുടരുകയുമാണ് ലോകബാങ്കിന്റെ രീതി. ഭാവിയിൽ ശമ്പളം നൽകുന്നതടക്കമുള്ള സർവ ഉത്തരവാദി ത്വങ്ങളും പഞ്ചായത്തുകളുടെ തല യിൽതന്നെ വീഴുമെന്നാണ് പ്രതീക്ഷിക്കേ ണ്ടത്. സെനഗലിലെ ഡാക്കർ ഉന്നതതല വിദ്യാഭ്യാസ സമ്മേളനത്തിനുശേഷം ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ രേഖയിൽ പറയുന്നത് നോക്കൂ: 'എസ്.എ സ്.എ ഫണ്ട് സംസ്ഥാന ഇംപ്ലിമെന്റിംഗ് സൊസൈറ്റികൾക്ക് നേരിട്ട് കൈമാറണം.

സൊസൈറ്റികൾ അത് സംസ്ഥാന വിഹിതവും കൂട്ടിച്ചേർത്ത് വില്ലേജ് വിദ്യാഭ്യാസ സമിതികൾ (VEC), സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ (SMC) തുടങ്ങിയവക്ക് കൈമാറണം. ഈ കമ്മിറ്റികളാണ് സ്കൂൾ നിർമാണവും നടത്തിപ്പും നിർവഹിക്കേണ്ടത്. സ്കൂൾ, ടീച്ചർ ഗ്രാന്റുകൾ നൽകുക, സമാന്തര സ്കൂൾ ടീച്ചർമാർ, ചില സന്ദർഭങ്ങളിൽ സാധാരണ സ്കൂൾ ടീച്ചർമാർ തുടങ്ങിയവർക്ക് ശമ്പളം നൽകുക തുടങ്ങിയവയും കമ്മിറ്റികളുടെ ഉത്തരവാദിത്വമാണ്' (Education for all-National plan of action-India. Department of EE & L, Ministry of Human Resource Development. Govt. of India, page 90). പ്രാദേശിക സർക്കാറുകൾക്ക് കീഴിൽ രൂപീകരിക്കുന്ന കമ്മിറ്റികളാണ് VEC, SMC തുടങ്ങിയവ. ലോകബാങ്കിന്റെ 1999-2000-ലെ വികസന റിപ്പോർട്ട് പറയുന്നു: "ചില ഉത്തരവാദിത്വങ്ങൾ താഴേത്തട്ടിലേക്ക് കൈമാറുന്നതിനെയല്ല വികേന്ദ്രീകൃതാസൂത്രണം എന്നു പറയുന്നത്. വിദ്യാഭ്യാസത്തിനായി പണം ചെലവാക്കുക, പഠനോപകരണങ്ങൾ തയാറാക്കുക, സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, അധ്യാപകരെ ജോലിക്കെടുക്കുക, പിരിച്ചുവിടുക തുടങ്ങിയ കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമുണ്ടാകേണ്ടിയിരിക്കുന്നു" (ഉദ്ധരണം: *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2005 ജൂലൈ 15).

ആഗോളതലത്തിൽതന്നെ വികേന്ദ്രീകൃതാസൂത്രണം വ്യാപകമായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. ദരിദ്രരെയും ദരിദ്രമേഖലകളെയും ഇത് പ്രതികൂലമായി ബാധിക്കുന്നുവെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ചൈനയിലെ അനുഭവം നോക്കൂ: "കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങൾ പ്രാദേശിക സർക്കാറുകൾക്ക് കൈമാറി. പ്രാദേശിക സർക്കാറുകൾ ഇത് വിദ്യാർഥികൾ, രക്ഷിതാക്കൾ, സ്വകാര്യ സ്ഥാപനങ്ങൾ, പ്രാദേശിക കമ്മിറ്റികൾ തുടങ്ങിയവക്ക് കൈമാറി. കേന്ദ്രം നിർദേശം നൽകുന്നവർ മാത്രമായി. നിയമനങ്ങൾ, കരിക്കുലം, ആസൂത്രണങ്ങൾ തുടങ്ങിയവ പ്രാദേശിക ഗവൺമെന്റുകളുടെയും ടൗൺഷിപ്പ് ഗവൺമെന്റുകളുടെയും ബാധ്യതയായി. ഇതിന്റെ ഫലമായി പ്രൈവറ്റ് സ്കൂളുകൾ വ്യാപകമായി. വിദ്യാഭ്യാസത്തിൽ നഗര-ഗ്രാമ അസന്തുലിതത്വം വർധിച്ചു. നഗരവാസികൾക്കും സമ്പന്നർക്കും നല്ല വിദ്യാഭ്യാസം ലഭിച്ചു. പഠനം തുടരാനാവാതെ ആത്മഹത്യകൾ വരെ നടക്കുന്നു" (സംഗ്രഹം: Impacts of neo-liberalism in chinese higher Edn. JCEPS). ഇത്തരം അനുഭവങ്ങൾ ഒട്ടേറെ രാജ്യങ്ങളിൽ സംഭവിച്ചുകഴിഞ്ഞതായി പഠനങ്ങൾ പറയുന്നു.

നഗരവും സമ്പന്നരും ഈ സംവിധാനത്തിൽ തടിച്ചുകൊഴുക്കുന്നതിനും ഗ്രാമങ്ങളും ദരിദ്രരും പിന്തള്ളപ്പെടുന്നതിനും മതിയായ കാരണങ്ങളുണ്ട്. ആദ്യവിഭാഗത്തിന് ആസൂത്രണങ്ങൾക്കും വിഭവങ്ങൾക്കും ആവശ്യമായ ബൗദ്ധിക-സാമ്പത്തിക സാഹചര്യങ്ങൾ ആവശ്യത്തിലധികമുണ്ട്. ഗ്രാമത്തിൽ നേരെ മറിച്ചും. സാധാരണക്കാരായ ഭൂരിപക്ഷത്തിന് പാർശ്വവത്കരണവും ന്യൂനപക്ഷ സമ്പന്നർക്ക് നേട്ടങ്ങളുമെന്നത് ആഗോളവത്കരണത്തിന്റെ തന്നെ സവിശേഷതയാണല്ലോ.

പഞ്ചായത്തീരാജ് നിയമത്തിൽ സ്കൂൾ നിയന്ത്രണ കൈമാറ്റത്തെക്കുറിച്ച് വിശദമായ നിർദേശങ്ങളൊന്നുമില്ല. അതിലെ 3,4,5 പട്ടികയനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് വിവിധ വിഭാഗം സ്കൂൾ കൈമാറിയിരിക്കുന്നു എന്നു മാത്രമാണ് പറയുന്നത്. ഇത് സർക്കാറുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ വഴിയാണ് വിശദീകരിക്കപ്പെടുന്നത്. കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥരെ ഗ്രാമസഭയുടെ കോ-ഓർഡിനേറ്ററായി നിയോഗിക്കാമെന്ന് G.O 33276/02 പറയുന്നു. രാവിലെ 8 മുതൽ വൈകീട്ട് 6 വരെ സ്കൂൾ പ്രവർത്തിക്കണമെന്നും ശനി പ്രവൃത്തി ദിവസമാക്കേണ്ടിവരുമെന്നും വീട്ടിൽനിന്ന് തയാറെടുപ്പുകൾ നടത്തണമെന്നും അധ്യാപകനോട് ആവശ്യപ്പെടുമ്പോൾ തന്നെയാണ് ഇത്തരം വിദ്യാഭ്യാസബാഹ്യമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കണമെന്നാവശ്യപ്പെടുന്നത്.

രാഷ്ട്രീയമായ ദുരുപയോഗത്തിന് ഏറെ സാധ്യതകളുള്ളതാണ് പഞ്ചായത്തുകൾക്ക് നൽകുന്ന ശിക്ഷാ അധികാരം. അധ്യാപകർക്കു മേൽ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിൽ നിലവിലുള്ള സംവിധാനം തന്നെ ഏറെ ഫലപ്രദമാണ്. ശിക്ഷാ നടപടികൾ അധികാരസ്ഥാനങ്ങളിൽനിന്ന് വിമുക്തമായിരിക്കുക എന്നത് നീതിയുടെ തന്നെ താൽപര്യമാണ്. കോടതികൾ അധികാരികളുടെ നിയന്ത്രണങ്ങൾക്ക് വിധേയമാക്കാതിരിക്കുന്നത് ഇതുകൊണ്ടാണ്.

## സ്കൂൾ കോംപ്ലക്സുകൾ എന്ന അമിതഭാരം

കൊട്ടിഘോഷിച്ച് രൂപീകരിക്കപ്പെട്ടതാണ് പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകൾ. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ പങ്കുവെക്കുക, പ്രശ്നപരിഹാര മാർഗങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുക, പാഠ്യപദ്ധതി ആസൂത്രണം നിർവഹിക്കുക തുടങ്ങിയവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. വലിയ അധ്വാനവും സമ്പത്തും ചെലവഴിച്ച് നടന്ന ഉദ്ഘാടനത്തോടെ ഇതിന്റെ പ്രവർത്തനം നിലച്ചു. കേരളത്തിൽ ഒരിടത്തുപോലും ഇത് പ്രവർത്തിച്ചില്ല എന്നതിൽനിന്ന് പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. പുതിയ സംവിധാനങ്ങൾ ഒന്നിനു മീതെ ഒന്നായി രൂപീകരിക്കപ്പെടുമ്പോൾ ഇത് മുന്നോട്ടുകൊണ്ടുപോകേണ്ടവർ ഒരേ ആളുകൾ തന്നെയാണെന്ന് ബോധ്യമുണ്ടാകേണ്ടതുണ്ട്. ഉത്തരവുകൾ വഴി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ സാധ്യമല്ല. നടപ്പിലാക്കുന്നവരുടെ ഉത്സാഹം മാത്രം പരിഗണിച്ച് സർക്കാർ സംവിധാനങ്ങൾക്ക് പ്രവർത്തിക്കാനാവില്ല. അന്തിമ വിശകലനത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകേണ്ട ഉത്തരവാദിത്വവും അധ്യാപകനിൽ എത്തിച്ചേരും. അമിതഭാരം ചുമക്കേണ്ടിവന്നാൽ മന്ദഗതിയാവും ഫലം.

സ്കൂൾ കോംപ്ലക്സുകൾ വികേന്ദ്രീകൃതാസൂത്രണത്തിന്റെ രീതിയായി ലോകബാങ്ക് നിർദേശിക്കുന്നുണ്ട്. നിക്കരാഗ്വയിലെ സ്കൂൾ കോംപ്ലക്സ് സംവിധാനമായിരുന്ന ന്യൂക്ലിയസ് സ്കൂൾ സംവിധാനം പരാജയമായിരുന്നെന്ന് ലോകബാങ്ക് പഠനം തന്നെ പറയുന്നു (Decentralised and School based Mangement-Resource Kit-case studies Nicuaragua-Prepared by Karen Edge for World Bank). ശ്രീലങ്ക, ഫിലിപ്പീൻസ് തുടങ്ങിയവയും സമാന അനുഭവങ്ങളുള്ളവയാണ്.

## ഇടപെടൽ ഏതുവരെ?

വിവിധതരം വികേന്ദ്രീകൃതാസൂത്രണങ്ങൾ നിലവിലുണ്ട്. ചില ജോലികൾ കൈമാറുന്ന രീതിയാണ് പ്രവർത്തന വികേന്ദ്രീകൃതാസൂത്രണം (functional decentralisation). ഒരു പ്രദേശത്തിന്റെ സാധ്യമായ എല്ലാ ഉത്തരവാദിത്വങ്ങളും കൈമാറുന്നതാണ് പ്രാദേശിക വികേന്ദ്രീകൃതാസൂത്രണം (Territorial decentralisation). ഒന്നാമത്തേതാണ് രാജ്യത്തിന്റെ ജനാധിപത്യവും സമത്വവും വികസനസന്തുലിതത്വവും നിലനിർത്താൻ അനുയോജ്യമായിട്ടുള്ളത്. ഒന്നാമത്തേതിൽനിന്ന് തുടങ്ങി രണ്ടാമത്തേതിൽ വരെ എത്തിക്കുക എന്നതാണ് ലോകബാങ്ക് ലക്ഷ്യമിടുന്നത്. സ്കൂളിനെ നല്ല, ഏത് പൊതുസ്ഥാപനത്തിനും ശരിയായ സമയത്തുതന്നെ 'ചോദിക്കാനും പറയാനും' ആളുണ്ടാവുമെന്ന ബോധം കാര്യക്ഷമത വർധിപ്പിക്കുകയേയുള്ളൂ. അതിനാൽ സ്കൂൾ വികസനപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും പരിശോധനകൾ നടത്താനും ഗുണമേന്മ ഉറപ്പുവരുത്താനും പ്രാദേശിക ഇടപെടൽ ഫലം ചെയ്യും. എന്നാൽ സമ്പത്തും മറ്റു വിഭവങ്ങളും കണ്ടെത്തേണ്ട ബാധ്യതയും

ആസൂത്രണങ്ങളുടെ ഉത്തരവാദിത്വങ്ങളുമൊക്കെ നൽകിയാൽ തിരിച്ചടിയാവും. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ 26 വകുപ്പുകളാണ് പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുന്നത്. ഭവനനിർമാണം, റോഡുകൾ, കുടിവെള്ളം തുടങ്ങി ഏറ്റവും ജനവികാരങ്ങളുണർത്തുന്ന വകുപ്പുകളിൽ ഭരണസമിതി കൂടുതൽ ശ്രദ്ധിക്കുകയും മറ്റുള്ളവ അവഗണിക്കുകയും ചെയ്യാനിടയുണ്ട്. ഇത്രയധികം ചുമതലകൾ നിർവഹിക്കാനുണ്ടായിട്ടും പദ്ധതി വിഹിതത്തിന്റെ 25 ശതമാനം തുക മാത്രമാണ് പഞ്ചായത്തുകൾ ചെലവഴിച്ചതെന്ന് ആസൂത്രണബോർഡ് പറയുന്നതോർക്കുക.

## സ്കൂൾ സമയമാറ്റം

സ്കൂൾ സമയമാറ്റത്തെക്കുറിച്ച് KCF പറയുന്നു: "രാവിലെ മുതൽ ഉച്ച വരെ ക്രമീകൃത പ്രവർത്തനങ്ങൾക്കും ഉച്ചക്കുശേഷം പഠിതാവിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്വതന്ത്ര പ്രവർത്തനങ്ങൾക്കും സ്കൂളിൽ സൗകര്യമുണ്ടാവണം. ചുരുക്കത്തിൽ രാവിലെ 8 മണി മുതൽ വൈകീട്ട് 6 മണിവരെ വിദ്യാലയം പഠനപ്രവർത്തനങ്ങൾക്കായി ലഭ്യമാവും." ഇത് KER പരിഷ്കരണ കമ്മിറ്റി രാവിലെ 9 മുതൽ വൈകീട്ട് 5 വരെ എന്നാക്കി മാറ്റിയിട്ടുണ്ട്. വിദ്യാർഥിയെ കുടുംബത്തിനോ സമൂഹത്തിനോ മതത്തിനോ വിട്ടുകൊടുക്കാതെ പൂർണമായും വാർത്തെടുക്കാനുള്ള അവസരം സ്കൂളുകൾക്ക് നൽകണമെന്നാണിതിനർഥം. അധ്യയനം തുടങ്ങുന്നതും അവസാനിക്കുന്നതും എപ്പോൾ എന്നതിനേക്കാൾ പ്രാധാന്യം, ജ്ഞാനനിർമിതിക്കാവശ്യമായ സൗകര്യങ്ങൾ ഇനിയും സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത സ്കൂളുകളിൽ അധ്യാപകരുടെ നിയന്ത്രണങ്ങളിൽ എട്ടോ പത്തോ മണിക്കൂർ കഴിഞ്ഞുകൂടേണ്ടിവരുന്നു എന്നതിനാണ്. ഒട്ടേറെ സ്വകാര്യ വിദ്യാലയങ്ങളിൽ രാവിലെ 8 മണിക്ക് തുടങ്ങുന്ന പഠനം ഉച്ചക്ക് ഒരു മണിക്ക് അവസാനിപ്പിക്കുന്ന രീതിയാണുള്ളത്. വിദ്യാർഥി കൂടുതൽ സമയം സ്കൂളിൽ ചെലവഴിക്കുന്നത് ഉചിതമല്ലെന്ന് കരുതുന്ന രക്ഷിതാക്കൾ സ്വകാര്യ വിദ്യാലയങ്ങളിലേക്ക് തിരിയാനുമിടയുണ്ട്. ഇത്ര നീണ്ട സമയം സ്കൂളിൽ ചെലവഴിക്കേണ്ടിവന്നാൽ അത് മദ്റസാ പഠനത്തെ ബാധിക്കുകതന്നെ ചെയ്യും. പ്രവൃത്തി ദിനങ്ങൾ 200 എന്നത് നിർബന്ധിതമാക്കുന്നതോടെ ശനിയാഴ്ചകൾ അധ്യയന ദിനങ്ങളാവുമ്പോൾ പ്രത്യേകിച്ചും.

## നിയമനാധികാര പ്രശ്നം വീണ്ടുമുയരുമ്പോൾ

ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുകയെന്നത് ജനകീയ സർക്കാറിന്റെ ചുമതലയാണ്. വിദ്യാഭ്യാസം എന്ന സേവനത്തിന്റെ കാര്യത്തിൽ ആത്മാർഥതയോടെ സർക്കാറിനെ സഹായിക്കുന്നവർ എന്നതായിരിക്കണം മാനേജ്മെന്റ്-സ്വാശ്രയ സ്ഥാപനങ്ങളെ സംബന്ധിച്ച അടിസ്ഥാന കാഴ്ചപ്പാട്. ഇതിന് വിരുദ്ധമായി, 'അറിവ് ഒരു കച്ചവട വസ്തുവാണ്' എന്ന നിലപാടാണ് ലോകബാങ്കിന്റേത്. ഇതേ നിലപാടു തന്നെയാണ് കോഴ നിയമനങ്ങളിലൂടെ എയിഡഡ് മാനേജ്മെന്റുകൾ സ്വീകരിച്ചുപോരുന്നത്.

വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയവും വിവാദപരവുമായിത്തീർന്നിരിക്കുന്നത് എയിഡഡ് നിയമനങ്ങൾ പി.എസ്.സിക്കു വിടുകയെന്ന നിർദേശമാണ്. കേരളത്തിൽ സർക്കാർ മേഖലയിൽ 4498 വിദ്യാലയങ്ങളും എയിഡഡ് മേഖലയിൽ 7290 എണ്ണവുമാണുള്ളത്. അധ്യാപകർ യഥാക്രമം 56059-ഉം 107047മാണ്. പ്രതിവർഷം 500 കോടിയോളം രൂപയുടെ കച്ചവടമാണ് നടന്നുകൊണ്ടിരിക്കുന്നത്. 1957-ലെ വിമോചനസമരത്തിന്റെ കാരണങ്ങളിലൊന്ന് മാനേജർമാരിൽനിന്ന് നിയമനാധികാരം എടുത്തുകളയുന്ന KER വ്യവസ്ഥയായിരുന്നു.

പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഏറെ ഗുണകരമായിരിക്കും ഇത്തരമൊരു തീരുമാനമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. നിയമനം സംബന്ധിച്ച ഓരോ വിഭാഗത്തിന്റെയും പ്രതികരണങ്ങളിൽനിന്ന് സാമൂഹികമാറ്റത്തിന്റെ സ്വരമല്ല സ്വന്തം താൽപര്യങ്ങളുടെ ശബ്ദമാണുയരുന്നതെന്ന് വ്യക്തമാവും. പതിറ്റാണ്ടുകളായി അനുഭവിച്ചുപോരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിൽ മാനേജർമാർക്കുള്ള പ്രയാസം ഊഹിക്കാവുന്നതാണ്. ഇടതുപക്ഷ സർക്കാർ ഇക്കാര്യത്തിൽ എത്രത്തോളം മുന്നോട്ടുപോവാൻ ധൈര്യം കാട്ടുമെന്നാണ് കേരളജനത വീക്ഷിച്ചുകൊണ്ടിരിക്കുന്നത്.

## വിദേശാടിമത്തത്തിന്റെ പ്രഛന്ന രൂപങ്ങൾ

വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ അതിവേഗത പരക്കെ വിമർശിക്കപ്പെടുന്നുണ്ട്. വേണ്ടത്ര സൗകര്യങ്ങൾ ഒരുക്കാതെയും അധ്യാപകരെ തയാറാക്കാതെയും സമൂഹത്തെ ബോധ്യപ്പെടുത്താതെയുമാണ് കാര്യങ്ങളുടെ പോക്ക്. വിദ്യാഭ്യാസ പരിഷ്കാരത്തിന്റെ കരട് രേഖ ചർച്ചക്കായി സമർപ്പിക്കുന്നു എന്നാണ് സർക്കാർ പറയുന്നതെങ്കിലും, ചർച്ച ചെയ്യപ്പെടുന്ന കാര്യങ്ങൾതന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്നതാണനുഭവം. പി.ടി.എകൾ രൂപീകരിക്കാനുള്ള മാർഗനിർദേശങ്ങൾ, രജിസ്റ്ററിൽ ആൺ-പെൺ ഭേദമെന്യേ പേരെഴുതാനുള്ള ഉത്തരവ് തുടങ്ങിയവ ഉദാഹരണം. പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സർക്കാർ ദൃഢനിശ്ചയം ചെയ്തിരിക്കുന്നുവെന്നും അണിയറയിൽ ആസൂത്രണങ്ങൾ നടന്നുകഴിഞ്ഞു എന്നുമാണിത് സൂചിപ്പിക്കുന്നത്.

വിദേശ സഹായങ്ങളും പദ്ധതികളും പരോക്ഷമായ അടിമത്തമാണെന്നതോടൊപ്പം എത്രമാത്രം ഫലപ്രദമാണെന്ന ചോദ്യവും ഗൗരവമേറിയതാണ്. മൂന്നാം ലോകമെന്നു വിളിക്കപ്പെടുന്ന രാജ്യങ്ങളിലേക്ക് സഹായങ്ങളും പദ്ധതികളും ഒഴുകാൻ തുടങ്ങിയിട്ട് അരനൂറ്റാണ്ടിലേറെ കടന്നുപോയിരിക്കുന്നു. ഒരു ട്രില്യൻ (ഒരു ലക്ഷം കോടി) ഡോളറാണ് കഴിഞ്ഞ 50 വർഷമായി ആഫ്രിക്കയിലേക്ക് മാത്രം ഒഴുകിയത്. ബി.ബി.സി ലേഖകൻ ഫ്രെഡറിക് എറിക്സൺ പറയുന്നു: "സഹായങ്ങൾ ഫലപ്രദമായിരുന്നെങ്കിൽ ഒട്ടേറെ ആഫ്രിക്കൻ രാജ്യങ്ങൾക്ക് പോർച്ചുഗലിന്റെയും സ്പെയിന്റെയും ന്യൂസിലാന്റിന്റെയുമൊക്കെ പ്രതിശീർഷ വരുമാനമുണ്ടാകുമായിരുന്നു" (Why aid does'nt work? BBC online).

വിദേശാടിമത്തം കടന്നുവരുന്നതിന്റെ പ്രഛന്ന രൂപങ്ങൾ തന്നെയാണ് ഇത്തരം പരിഷ്കാരങ്ങൾ. ഇവയിൽ ഒളിഞ്ഞിരിക്കുന്ന സാമ്രാജ്യത്വ അജണ്ടകൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാൻ ജനകീയ പോരാട്ടനിര ഉയർന്നുവരേണ്ടതുണ്ട്. മണ്ണറിഞ്ഞ് വിത്തെറിഞ്ഞില്ലെങ്കിൽ എല്ലാം നഷ്ടപ്പെടുമെന്ന് ഓർക്കുക.

fasalkathikode@yahoo.co.in